# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 330 | 11.11.2019-ൽ മറുപടിക്ക്

## രാഷ്ട്രീയ പ്രശ്നങ്ങളോട് പോലീസിന്റെ നിലപാട്

**ചോദ്യം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.ജെയിംസ് മാത്യു
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.ജോൺ ഫെർണാണ്ടസ്

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) 1994-ൽ ഗുരുവായൂരിനടുത്തുള്ള തൊഴിയൂരിലെ സുനിൽകുമാർ വധിക്കപ്പെട്ട കേസിൽ സി.പി.ഐ (എം) പ്രവർത്തകരെ പ്രതികളാക്കി കൃത്രിമമായി സൃഷ്ടിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ കോടതി നിരപരാധികളെ ജീവപര്യന്തം ശിക്ഷിച്ച കേസിൽ യഥാർത്ഥ പ്രതികളെയെല്ലാം ഇരുപത്തിയഞ്ച് വർഷത്തിനുശേഷം പിടികൂടാനായിട്ടുണ്ടോ;

(എ) ക്രൈം ബ്രാഞ്ച് ക്രൈം നം.296/CR/TSR/2017 u/s 143, 147, 148, 449, 323, 326, 307, 302 r/w 149 IPC (ഗുരുവായൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.205/94) പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ പുന:രന്വേഷണം നടത്തുകയും, അന്വേഷണത്തിൽ പ്രസ്തുത വധക്കേസിലെ യഥാർത്ഥ പ്രതികളായ ഒൻപത് പേരെ തിരിച്ചറിഞ്ഞിട്ടുള്ളതുമാണ്. പ്രസ്തുത ഒൻപത് പ്രതികളിൽ മൊയ്തുദ്ദീൻ @ മോയ്തു, ഉസ്മാൻ, യൂസഫലി, സുലൈമാൻ എന്നിവരെ അറസ്റ്റു ചെയ്യുകയും ചെയ്തു. പ്രസ്തുത കേസിൽ ഉൾപ്പെട്ടതായി വെളിവായിട്ടുള്ള ഇസഹാക്ക് എന്നയാൾ മരണപ്പെട്ടിട്ടുണ്ട്. മറ്റ് നാലു പ്രതികൾ ഒളിവിലായതിനാൽ അവരെ അറസ്റ്റു ചെയ്യാൻ സാധിച്ചിട്ടില്ല. പ്രസ്തുത കേസിന്മേൽ അന്വേഷണം ക്രൈം ബ്രാഞ്ച് ഊർജ്ജിതമായി നടത്തിവരുന്നു.

(ബി) നിരപരാധികളെ കള്ളക്കേസിൽ കുടുക്കിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുന്നതിനും കേസിൽ കുടുങ്ങി ജീവിതം തകർന്നവർക്ക് കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടപരിഹാരം വാങ്ങി നൽകാനും നടപടിയെടുക്കുമോ;

(ബി) നിലവിൽ പ്രസ്തുത കേസിൽ വിശദമായ അന്വേഷണം ക്രൈം ബ്രാഞ്ച് നടത്തി വരുന്നു. ഏതെങ്കിലും തരത്തിൽ അന്വേഷണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പോലീസ് രാഷ്ട്രീയ പ്രശ്നങ്ങളോട് നിഷ്പക്ഷ നിലപാട് സ്വീകരിക്കുന്നുവെന്നും മാഫിയ സംഘങ്ങളെയും സാമൂഹ്യ വിരുദ്ധരെയും അടിച്ചമർത്തുന്നതിന് ശക്തമായ നടപടിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

(സി) ഉണ്ട്. രാഷ്ട്രീയ സംബന്ധിയായതുൾപ്പെടെയുള്ള എല്ലാ അന്വേഷണങ്ങളും പോലീസ് നിഷ്പക്ഷമായിത്തന്നെയാണ് നടത്തി വരുന്നത്. കൂടാതെ സാമൂഹ്യ വിരുദ്ധരുടേയും, മാഫിയ സംഘങ്ങളുടെയും പ്രവർത്തനങ്ങൾ കേരളത്തിൽ വർദ്ധിച്ചു വരാതിരിക്കുവാൻ ശക്തമായ പോലീസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ